# പതിമൂന്നാം കേരള നിയമസഭ
## ഒന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 874** **30.6.2011 ൽ മറുപടിക്ക്**

**സമയബന്ധിതമായി പ്രവൃത്തി തീർപ്പാക്കൽ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) മരാമത്ത് വകുപ്പിൻ കീഴിൽ പ്രവൃത്തി ഏറ്റെടുത്ത പല കോൺട്രാക്ടർമാരും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാർക്കു കൊടുക്കാവുന്ന ശിക്ഷാനടപടികൾ എന്തൊക്കെയാണ്; | (ബി) ഈ പ്രവർത്തി മൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും ഈടാക്കുന്ന വിധത്തിൽ പണി പുനക്രമീകരിക്കുകയും കരാറുകാരന്റെ ഈടുവയ്ക്കുന്ന തുക ഗവൺമെന്റിലേക്ക് കണ്ടു കെട്ടുകയും ചെയ്യുന്നു. കൂടാതെ മൂന്നു പ്രാവശ്യത്തിൽ കൂടുതൽ ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. |

| | |
|---|---|
| (സി) സമയപരിധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കും എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നട പടികൾ സ്വീകരിക്കുമോ;? | (സി) സ്വീകരിച്ചിട്ടുണ്ട് |
| (ഡി) വിശദാംശം വ്യക്തമാക്കുമോ; | (ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകുമ്പോൾത്തന്നെ അവ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറു കാരിൽ നിന്നും പിഴ ഈടാക്കുന്നുണ്ട്. കൂടാതെ 55 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിക്ക് സമയപരിധിക്കുള്ളിൽ പണി പൂർത്തിയാക്കുന്ന കരാറുകാർക്ക് എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം പരമാവധി മൂന്ന് ലക്ഷം രൂപ ഇൻസന്റീവ് നൽകാറുണ്ട് |

സെക്ഷൻ ഓഫീസർ